2172A75/A2/18/(SIND)



# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 1986*

*01/02/2018-ലെ മറുപടി*

## *കോവളം കാസർഗോഡ് ജലപാതയുടെ നിർമ്മാണം*

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ഡോ. എം.കെ. മുനീർ<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>ശ്രീ. എൻ. ഷംസുദ്ദീൻ | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
| (എ) കോവളം കാസർഗോഡ് ജലപാതയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (എ) കോവളം മുതൽ കാസർഗോഡ് വരെയുള്ള 590 കി.മീ. നീളം വരുന്ന ജലപാതയുടെ (വെസ്റ്റ് കോസ്റ്റ് കനാൽ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ.ഉം 2016 -ലെ കേന്ദ്ര വിജ്ഞാപന പ്രകാരം നീട്ടിയ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ഭാഗവും ദേശീയജലപാത III ആയി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. ടി ഭാഗത്തെ പ്രവൃത്തികൾ കേന്ദ്ര ഏജൻസിയായ ഇൻലാൻറ് വാട്ടർവേയസ് അതോറിറ്റി ഓഫ് ഇന്ത്യാ ആണ് നടപ്പിലാക്കുന്നത്. ശേഷിച്ച കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ., കോഴിക്കോട് മുതൽ നീലേശ്വരം വരെയുള്ള 188 കി.മീ. എന്നീ സംസ്ഥാന ജലപാതയിലെ ഭാഗങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തി-കളും വടകര മുതൽ മാഹി വരെയുള്ള കനാൽ നിർമ്മാണവും ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റിന്റെ കീഴിൽ |

നടന്നു വരുന്നു. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ. ജലപാതയിൽ 27.50 കി.മീ. ഗതാഗത യോഗ്യമാണ്. 11.30 കി.മീ. ഭാഗികമായി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. പാർവതി പുത്തനാർ ഉൾപ്പെടെയുള്ള 35.38 കി.മീ. ഭാഗത്തെ കനാൽ വികസനം പൂർത്തീകരിക്കുവാനുണ്ട്. ജലപാത വികസനം ലക്ഷ്യമാക്കി രൂപീകരിച്ച KWIL (കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്) എന്ന പൊതുമേഖലാ സ്ഥാപനം മുഖേന KIIFB ധനസഹായത്തോടെ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതാണ്. 1.10 കി.മീ. നീളം വരുന്ന വർക്കല തുരങ്കങ്ങൾ 14 മീ. വീതിയിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ കൊങ്കൺ റെയിൽ കോർപ്പറേഷൻ മുഖേന നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലത്തും വർക്കലയിലുമായി അവശേഷിച്ച 18.14 കി.മീ. ഭാഗത്തെ പ്രവൃത്തികൾ നടന്നുവരുന്നു. കോഴിക്കോടിനും വടകരക്കും ഇടയിൽ 38.3 കി.മീ. ഭാഗം (ചെ. 411.78 – 450.08 കി.മീ.) ജലപാത ഗതാഗതയോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ - കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര-മാഹി കനാലിന്റെ ചെ. 450.08 കി.മീ. - 467.69 കി.മീ. ഭാഗത്ത് ദേശീയജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച്

നടന്നുവരുന്നു. മാഹി - വളപട്ടണത്തിനും ഇതിനിടയിലെ 3 അൺകട്ട് ഭാഗങ്ങളും നീലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള അൺകട്ട് ഭാഗവും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| **(ബി)** | പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ തുക എപ്രകാരം കണ്ടെത്താമെന്നാണ് പ്രതീക്ഷിക്കുന്നത് ; | **(ബി)** | പ്രസ്തുത പ്രവൃത്തികൾക്ക് ആവശ്യമായ തുക സംസ്ഥാന പദ്ധതി വിഹിതം NABARD , KIIFB എന്നിവ മുഖേന കണ്ടെത്താമെന്നു പ്രതീക്ഷിക്കുന്നു. |
| **(സി)** | നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത് ? | **(സി)** | 2020 -ഓട് കൂടി പ്രസ്തുത ജലപാതയുടെ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**